# Thalappady L . P . S

# Academic Master Plan

## 2025 - 2026



# ഉള്ളടക്കം

x ——— x


1. ആമുഖം
2. വിദ്യാലയ ചരിത്രം
3. സ്കൂൾ വിവരങ്ങൾ
4. പൊതു ലക്ഷ്യങ്ങൾ
5. ഭൗതിക സൗകര്യങ്ങൾ
6. അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
7. അവസ്ഥാ വിശകലനം
8. അക്കാദമികം - നേട്ടങ്ങൾ
9. അക്കാദമിക മാസ്റ്റർ പ്ലാൻ Class I - IV
10. അനുബന്ധ സംവിധാനങ്ങൾ
11. ദിനാചരണങ്ങൾ
12. ഉപസംഹാരം

# ആമുഖം

മാറ്റം കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിവേഗം
കുതിച്ചു കൊണ്ടിരിക്കുന്ന മാറിക്കൊണ്ടിരിക്കുന്ന കാലത്തിനൊ-
പ്പം ഓടിയെത്തുക എന്നത് പ്രധാനമാണ്. വിദ്യാല
യങ്ങളും അധ്യാപകരും വിദ്യാർത്ഥികളും അന്താരാഷ്ട്ര
നിലവാരത്തിലേക്ക് ഉയർന്നേ തീരൂ. അക്കാദമികമായി
തീവ്രമായ ഒരു മുന്നേറ്റം അനിവാര്യമാണ്. തലപ്പാടി
പ്രദേശത്തെ വെളിച്ചത്തിലേക്ക് നയിച്ച വിദ്യാലയമാണ്
തലപ്പാടി എൽ പി സ്കൂൾ. കോട്ടയം ജില്ലയിലെ പുതുപ്പള്ളി
പഞ്ചായത്തിലെ 2-ാം വാർഡിലെ ഏക വിദ്യാലയമാണ്.
1916 ജൂൺ 2-ാം തീയതി ആരംഭിച്ച പള്ളിക്കൂടം.
തലപ്പാടി സെന്റ് മാർത്തോമാ പള്ളിയുടെ അധീനത
യിലുള്ള ഈ വിദ്യാലയം 2022ൽ നാലു ക്ലാസ്സ് മുറി
കൾ ഓഫീസ് മുറിയും കമ്പ്യൂട്ടർ മുറിയും
ഉൾപ്പെട്ട ആധുനിക സൗകര്യങ്ങളോടുകൂടിയ
പുതിയ കെട്ടിടത്തിൽ ആരംഭിക്കാൻ സാധിച്ചു
എന്നത് അഭിമാനകരമായ നേട്ടമാണ്. സ്കൂളിന്റെ
എല്ലാ പ്രവർത്തനങ്ങളിലും മാനേജ്മെന്റിന്റെ സജീവ
സാന്നിദ്ധ്യം ഉണ്ടാവാറുണ്ട്. ഇത് സ്കൂളിന്റെ ഉയർച്ചക്ക് സഹായകമാണ്

# വിദ്യാലയചരിത്രം

കോട്ടയം ജില്ലയിലെ കോട്ടയം ഈസ്റ്റ് ഉപജില്ലയിലെ പുതുപ്പള്ളി പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഏക വിദ്യാലയമാണ് തലപ്പാടി എൽ.പി സ്കൂൾ 'തലപ്പാടി' എന്ന സ്ഥലനാമം നാമമായത് ഈ സരസ്വതി ക്ഷേത്രത്തിനാം. ഒരു നൂറ്റാണ്ട് മുമ്പ് (1916 ജൂൺ 2) എളിയതോതിൽ ആരംഭിച്ച വിദ്യാലയമാണ് തലപ്പാടി എൽ.പി സ്കൂൾ. അന്ന് ഈ പ്രദേശത്ത് മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായിരുന്നു. സാധാരണക്കാർ മാത്രം അധിവസിച്ചിരുന്ന ഈ പ്രദേശത്ത് ഒരു വിദ്യാലയമെന്നത് അവരുടെ സ്വപ്നമായിരുന്നു. 1916 ജൂൺ 2-ാം തീയതി ചെറിയൊരു കെട്ടിടത്തിൽ ആരംഭിച്ച ഈ വിദ്യാലയം ഈ പ്രദേശത്തെ എല്ലാ ജനങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയമായിരുന്നു.

തലപ്പാടി സെന്റ് മാർത്തോമാ പള്ളിയുടെ അധീനതയിലുള്ള ഈ പള്ളിക്കൂടം 2022ൽ നാലു ക്ലാസ് മുറികളും ഓഫീസ്മുറിയും കമ്പ്യൂട്ടർ മുറിയും ഉൾപ്പെട്ട ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിൽ ക്ലാസുകൾ ആരംഭിച്ചു.

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല - കോട്ടയം

സ്കൂൾ കോഡ് - 33432

സ്കൂളിന്റെ പേര് - തലപ്പാടി എൽ. പി. എസ്

മേൽവിലാസം - തലപ്പാടി, റബ്ബർബോർഡ് പി.ഒ

കോട്ടയം

പിൻ കോഡ് - 686009

ഫോൺ നമ്പർ -

ഇ മെയിൽ - thalappady lps @gmail.com

ഗ്രാമപഞ്ചായത്ത് - പുതുപ്പള്ളി

വിദ്യാഭ്യാസ ജില്ല - കോട്ടയം

സബ് ജില്ല - കോട്ടയം ഈസ്റ്റ്

ക്ലാസുകൾ - KG 1 മുതൽ 4 വരെ

മാനേജ്മെന്റ് - എയ്ഡഡ്

പഠനമാധ്യമം - മലയാളം, ഇംഗ്ലീഷ്

സ്കൂൾ മാനേജർ - നസ്രേത്ത് മാർത്തോമ്മാ പള്ളി

വികാരി റവ: എബ്രഹാം മാത്യു.

പ്രധാനാധ്യാപിക - ആനീസ് സി ഉതുപ്പ്

പി.ടി.എ പ്രസിഡന്റ് - ശ്രീമതി ഷൈനി ആനി

അധ്യാപകർ (1-4) - ലിസി .കെ. ജോസഫ്
- അനില ഷാജൻ
- നിഷ പ്രസന്നൻ.

KG അധ്യാപകർ - എലിസബത്ത് ജി
- ലോറൽ

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടാക്കി ഉന്നത പ്രതിഭയാക്കി വളർത്തുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉണ്ടാക്കുക
- വിവരസാങ്കേതിക വിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തി മികച്ച പഠനാന്തരീക്ഷം ഉറപ്പുവരുത്തുക.
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പഠനാന്തരീക്ഷം ഒരുക്കും.
- മികച്ച സാങ്കേതിക പഠനരീതികളോടെ സ്കൂളിനെ മികവിന്റെ ഉന്നതിയിലെത്തിക്കുക
- പരിസ്ഥിതി ഒരു പാഠപുസ്തകമാക്കുക
- പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പുവരുത്തുക
- സാമൂഹ്യ ശ്രദ്ധ ആകർഷിക്കും വിധം പ്രവർത്തനം ഒരുക്കും
- പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണന നൽകി മുൻനിരയിലെത്തിക്കൽ

# ഭൗതിക സൗകര്യങ്ങൾ

× ഓഫീസ് റൂം / സ്റ്റാഫ് റൂം

× 4 ക്ലാസ് റൂമുകൾ (1 to 4)

× KG ക്ലാസ്റൂമുകൾ (LKG, UKG)

× പാചകപ്പുര

× ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയ്‌ലറ്റ്

× കമ്പ്യൂട്ടർ റൂം / Library

## നേട്ടങ്ങൾ

2022 ൽ പുതിയ കെട്ടിടം (4 ക്ലാസ്റൂമുകൾ, ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം) ആധുനിക സൗകര്യങ്ങളോടുകൂടി യാഥാർത്ഥ്യമായി. കുട്ടികളുടെ വായനവളർത്താൻ പ്രത്യേകം ലൈബ്രറി കമ്പ്യൂട്ടർ റൂമിലേക്ക് ഷെൽഫ് ഒരുക്കാൻ സാധിച്ചു. വിദ്യാകിരണത്തിൽ നിന്നും ലഭിച്ച മൂന്ന് ലാപ്ടോപ്പുകൾ ഉൾപ്പെടെ കമ്പ്യൂട്ടർ റൂമിനെ സജ്ജമാക്കാൻ കഴിഞ്ഞു.

## പരിമിതികൾ

× ഉച്ചഭക്ഷണത്തിനായി പ്രത്യേക സൗകര്യമില്ല

× ടോയ്‌ലറ്റ് സൗകര്യം പരിമിതമാണ്

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

* ശാസ്ത്രശേഷി വികസനം
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
* വായനക്കൂട്ടം, എഴുത്തുകൂട്ടം
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
* സംഖ്യാബോധം, സ്ഥാനവില ഉറപ്പിച്ചുള്ള അറിവ്
* ചതുഷ്ക്രിയകളിലുള്ള പ്രാവീണ്യം
* പച്ചക്കറിത്തോട്ടം
* ദിനാചരണങ്ങൾ
* സ്കൂൾപത്രം, ചുവർ മാസിക
* ICT സാധ്യത
* ഗണിതമൂല
* ഫീൽഡ് ട്രിപ്പുകൾ
* പഠനയാത്ര
* പഠനോത്സവം
* ശേഖരണങ്ങൾ
* ചലദൃശ്യം
* ഭക്ഷ്യമേളകൾ

- ശില്പശാലകൾ
- കലാപരിപോഷണം
- പ്രവൃത്തി പരിചയ പരിശീലനം
- LSS പരിശീലനം
- കായികശേഷി വികസനം
- ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ
- ആരോഗ്യ സർവ്വേ - ക്ലാസുകൾ

# അവസ്ഥാ വിശകലനം

## അദ്ധ്യാപകർ

നിലവിൽ വിദ്യാലയത്തിൽ 1 മുതൽ 4 വരെ 4 സ്ഥിര അദ്ധ്യാപകരും (2 പേരുടെ നിയമനം അപ്രൂവൽ ആയിട്ടില്ല) ഹെഡ്മിസ്ട്രസ് നിയമിച്ച ഒരു താൽക്കാലിക അധ്യാപികയും LKG, UKG യിലായി 2 അധ്യാപികമാരുമാണുള്ളത്. പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ സഹാധ്യാപകർ അക്കാദമികവും പാഠ്യേതര പ്രവർത്തനങ്ങളിലും വിവിധ രീതിയിൽ പ്രവർത്തിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നു.

## വിദ്യാർത്ഥികൾ

| വിഭാഗം | I | | II | | III | | IV | | Total |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| കുട്ടികളുടെ എണ്ണം | 8 | 8 | 11 | 6 | 3 | 13 | 9 | 8 | |
| ആകെ | 16 | | 17 | | 16 | | 17 | | 66 |

# അക്കാദമികം

വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതി-
നാവശ്യമായ ധാരാളം പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു
വരുന്നു. ഇംഗ്ലീഷ് ഭാഷയെ പ്രോത്സാഹിപ്പിക്കുന്നതിനായി
ഇംഗ്ലീഷ് അസംബ്ലി, skits, story telling, action songs,
Role play തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
ഭാഷാവികസനത്തിനായി Library പുസ്തകവിതരണം, വാർത്താ
വായന, വായനാമത്സരങ്ങൾ, പത്ര വിതരണങ്ങൾ തുടങ്ങിയ
കാര്യങ്ങൾ ചെയ്യുന്നു. ഒന്നാം രണ്ടാം ക്ലാസുകളിലെ
സചിത്രബുക്ക് സംയുക്ത ഡയറി ഭാഷാവികാസനത്തിന്
വളരെ സഹായകമായി. സചിത്രബുക്കിലൂടെ കുട്ടികളിൽ കൂടുതൽ
താല്പര്യം ഭാഷയിൽ ഉണർത്താൻ സാധിച്ചു. ശാസ്ത്ര
ഗണിത ശാസ്ത്ര വിഷയങ്ങളിൽ ക്വിസ് മത്സരങ്ങൾ നടത്തുന്നു.
ദിനാചരണങ്ങളോടനുബന്ധിച്ച് ചിത്രരചനാ മത്സരങ്ങളും
ക്വിസ് മത്സരങ്ങളും നടത്തി വരുന്നു. ദിനാചരണങ്ങളോ
ടനുബന്ധിച്ച് ചിത്രരചനാ മത്സരങ്ങളും ക്വിസ് മത്സരങ്ങളും
നടത്തി വരുന്നു. സാമൂഹ്യ അവബോധത്തിനായി ഓണാഘോഷ
പരിപാടികൾ, ക്രിസ്തുമസ് ആഘോഷങ്ങൾ, ശിശുദിനാഘോഷം
സ്വാതന്ത്ര്യദിനാഘോഷം, ആനിവേഴ്സറി ഇവയെല്ലാം സ്കൂളിന്റെ
മാത്രമല്ല നാടിന്റെ തന്നെ ഉത്സവമായി മാറുന്നു.

# നേട്ടങ്ങൾ

## സബ്ജില്ലാ മത്സരങ്ങൾ

കോട്ടയം എം.ഡി സെമിനാരി ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന Subdistrict School കലോത്സവത്തിൽ നമ്മുടെ School ലെ കുട്ടികൾ മികച്ച വിജയം കൈവരിച്ചു. മലയാളം പ്രസംഗം, പദ്യം ചൊല്ലൽ തമിഴ്, പദ്യം ചൊല്ലൽ അറബിക്, ചിത്രരചന പെൻസിൽ, മോണോ ആക്റ്റ്, ആംഗ്യപാട്ട് ഇംഗ്ലീഷ്, നാടോടിനൃത്തം, സംഘനൃത്തം എന്നീ item ന് A grad ലഭിക്കുകയും നമ്മുടെ School ന് സബ്ജില്ലാ തലത്തിൽ 8ാം സ്ഥാനം കരസ്ഥമാക്കാൻ സാധിക്കുകയും ചെയ്തു.

Subdistrict level ശാസ്ത്രമേളാ മത്സരങ്ങളിൽ Thread pattern, clay modeling, fabric painting, Items from waste materials, Vegetable painting hand embroidery, Maths magazine എന്നീ ഇനങ്ങളിൽ മികച്ച grade നേടാൻ സാധിച്ചു.

# Class I-IV

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ 1-4-ാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത് വായന ഗണിത ശേഷികൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം ഇടുന്നത്. പുതിയ വർഷത്തിൽ ഭാഷയ്ക്കു ഗണിതത്തിലും ശാസ്ത്രത്തിലും ജൈവ കൃഷിയിലും കൂടുതൽ അവബോധം സൃഷ്ടിക്കാൻ ഈ പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിക്കും സാധിക്കും.

പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് 1

വിഷയം: മലയാളം

<u>ലക്ഷ്യങ്ങൾ</u>

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
* സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുന്നു
* പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
* ലളിതമായ വായന കാർഡ് നിർമ്മിക്കുക
* പത്രം തയ്യാറാക്കുക.

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| വായന | * ചിത്ര വായന<br>* വിവിധ തരം ചിത്രം കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>* വായന മൂല ഒരുക്കൽ<br>* പത്ര വായന<br>* വായന കാർഡ് തയ്യാറാക്കൽ | |

| | | |
|---|---|---|
| ലേഖനം | * ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു<br>* സചിത്ര ബുക്ക്<br>* സംയുക്ത ഡയറി എഴുത്ത്<br>* ആവർത്തിച്ചു വരുന്ന അക്ഷരം കണ്ടെത്തുന്നു. ആ അക്ഷരം എഴുതുന്നു.<br>* സാങ്കൽപിക ഡയറി എഴുതുന്നു.<br>* വരികൾ കൂട്ടിച്ചേർക്കുന്നു.<br>* ചിത്രം നൽകി അതിൽ നിന്ന് കഥ ഉണ്ടാക്കുന്നു<br>* സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | |

English

Aim

To Speak, read and Write English without any mistake

| Aim | Activities |
| --- | --- |
| Skills | * To evolve listening Skills and reading Skills |
| Reading Skills | * Description, growing Sentence, Picture reading, riddles, quiz<br>* Reading Breaking news<br>* Find Words from reading material<br>* Rhyming Words<br>* Describing Words from textbook activities |
| Writing Skills | * Making Word Web<br>* Picture description<br>* Word chain |
| Writing Skills | * Making Word Web<br>* Story telling<br>* Riddle<br>* Conversation |

ഗണിതം

ലക്ഷ്യങ്ങൾ

* ഒന്നു മുതൽ 5 വരെ സംഖ്യകൾ തിരിച്ചറിയുന്നു
* അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>* സംഖ്യാ കാർഡ് നിർമ്മിക്കൽ | |
| ഗണിത കിറ്റ് | * ഗണിത പഠനത്തിനാവശ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | |
| വലിയ സംഖ്യ | * ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ | |
| ചെറിയ സംഖ്യ | * വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ | |
| സങ്കലന ക്രിയകൾ | * സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ<br>ഒന്നിനൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും. | |

| | | |
|---|---|---|
| ഒറ്റ സംഖ്യകൾ | ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ | |
| ഇരട്ട സംഖ്യകൾ | ഒന്നിടവിട്ട സംഖ്യകൾ, ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന് തിരിച്ചറിയൽ | |
| സംഖ്യാ ഗാനങ്ങൾ | സംഖ്യാ ഗാനങ്ങൾ പാടുന്നു ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു | |
| വർക്ക് ഷീറ്റ് | Numberbook തയ്യാറാക്കുന്നു സംഖ്യകളെ സുന്ദരിയാക്കൽ പ്രവർത്തനം | |
| പ്രവർ-ത്തനങ്ങൾ | വ്യവകലന പ്രവർത്തനങ്ങൾ | |
| ചിഹ്ന-ങ്ങൾ | ചിഹ്നങ്ങൾ തിരിച്ചറിയുന്നു. സങ്കലനം (+) വ്യവകലനം (−) | |
| തിരിച്ചറിവ് | ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു | |
| ഗണിത കിറ്റ് | സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാദ്ധ്യമാക്കുന്നു. | |

പരിസരപഠനം

<u>ലക്ഷ്യങ്ങൾ</u>

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുക
* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം)
* നിറം, രുചി, ആകൃതി, മണം വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനം | |
|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | * പ്രകൃതി നടത്തം<br>* ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.<br>* പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | |
| ചെടികൾക്ക് വേര്, തണ്ട്, കായ എന്നി | * സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>* പൂന്തോട്ടത്തിൽ നിന്ന് ചെടി | |

| | |
|---|---|
| ഭാഗങ്ങൾ കണ്ടെത്തുന്നു | ചെടികൾ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. |
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | പച്ചക്കറികൾ പഴങ്ങൾ കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടുവരുന്നു.<br>ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷണയോഗ്യമായത് എന്ന് കണ്ടെത്തുന്നു.<br>രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. |

(അക്കാദമിക്
മാനുഷ്യൻ
മലയാളം - II

# ആമുഖം

പൊതു വിദ്യാഭ്യാസത്തെ മികവുറ്റതാക്കാൻ കുട്ടികളിൽ ശാസ്ത്രാഭിരുചി, ഗണിതാഭിരുചി ലേഖന, സർഗാത്മക ശേഷി, കൈയെഴുത്ത് കല എന്നീ മേഖലയിൽ കുട്ടികളുടെ ശേഷി പരിപോഷിപ്പിക്കാൻ ആവിഷ്ക്കരിച്ച 'മഞ്ചാടിപ്പൂക്കൾ' ആരംഭിച്ചത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയെയും സർവതോമുഖ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും മികവുകൾ നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ മേഖലയിലും മികവുറ്റ വരായി തീരണം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക.
- എല്ലാ കുട്ടികളുടെയും അക്ഷരജ്ഞാനം വരെ ഉറപ്പാക്കുക
- എല്ലാ കുട്ടികളും ഒരുമിച്ചിരുന്ന് ക്ലാസ് നിലവാരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ കഴിവുള്ളവരാകുക
- വർണ്ണശബളമായ ചിത്രങ്ങളുടെ ലോകത്തിൽ ഏർപ്പെടുകയും വ്യത്യസ്തമായ രചനകളിൽ ഏർപ്പെടുത്തുകയും ചെയ്യുക.
- ചിത്രങ്ങൾ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- അക്ഷരം, ഈണം, താളം എന്നിവ പരിചയിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാ പൂരണം)

## മുന്നൊരുക്കം

* പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ നേരത്തെ തന്നെ എല്ലാ വശവും ചെയ്ത് വിജയം ലക്ഷ്യമാക്കുന്നതിനുള്ള അവസരമൊരുക്കുന്നു.

### ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രം, പദം)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ ഒരുക്കൽ

### ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട 1ല സാധ്യത ഉറപ്പാക്കുന്നു
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ഓഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനങ്ങൾ
* രക്ഷിതാക്കളുടെ സഹായം ഉറപ്പു വരുത്തൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം
* വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ, ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാഭാഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭവങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

* വിവിധതരം പതിപ്പുകൾ നിർമ്മിക്കൽ

ഉദാ:- ആന
വലിയ ആന
ഒരു വലിയ ആന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

## ഡിസംബർ

* മാസികകളെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതവാസനകൾ തെളിയിക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നത് ഉറപ്പുവരുത്തൽ (ഭാഷണം, ലേഖനം വായന)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർഗ്ഗ്

* വ്യക്തി വായനയെ പ്രോത്സാഹിപ്പിക്കൽ
* ഇന്റർനെറ്റ് വായനയിൽ ഓരോകുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം - II

## ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഒരോ പഠനനേട്ടത്തിലൂടെയും ഗണിതശേഷി-കൾ ഉൾക്കൊണ്ട് അനുഭവങ്ങൾ കുട്ടി പഠിക്കേ-ണ്ടത് എന്നതിന് ഒരു വലിയ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തുടർച്ചയായി നേരിടേണ്ടവ നേരിടുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഹണം എന്നിവയെല്ലാം ശേഷി ഉറപ്പാക്കൽ

* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്.

* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ

* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു. (100-ൽ താഴെ)

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യാസത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ അങ്കം എന്ന വേഗതയിൽ എത്തിച്ചേരൽ

* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മൂന്നാരുക്കം

* ഗണിതശാസ്ത്രത്തിൽ കുട്ടി ഭൈവർദ്ധ്യവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### ജൂൺ

* 1, 2, 3, 4, - - - -

1, 3, 5, 7, - - - -

10, 20, 30, 40, - - - -

5, 10, 15, 20, - - - -

2, 4, 6, 8, - - - തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ എണ്ണത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ ഇരട്ടിയായി എണ്ണി അതെ എണ്ണം പറയൽ
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10 = 20)

## ഓഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100

100 ഒന്നുകൾ ചേർന്നാൽ 100

* ഓരോ സംഖ്യയ്ക്കും പ്രായോഗിക ഗണിതമായ ജീവിതത്തിൽ ഉൾപ്പെടുത്താവുന്ന കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

* ഗണിതത്തിലെ ധാരണകൾ നിത്യ പ്രായോഗിക പ്രശ്നം പരിഹരിക്കൽ

* വിലവിവര പട്ടിക തയ്യാറാക്കൽ

* വീട്ടിലൂടെയും സ്കൂളിലൂടെയും ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

* സംഖ്യാപാറ്റേണുകൾ ആവിഷ്കരിക്കൽ, പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉന്നയിക്കൽ

5... 10... 15... 20... 25

(5 വീതം കൂട്ടിയത് പട്ടിക വിശകലനം ചെയ്യുക)

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിന് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
* ടീമിനൊരു കളിയിലൂടെ പ്രശ്ന നിർധാരണം
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടിച്ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ + 5 രൂപ = 15 രൂപ

നോട്ട് നാണയം

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യത്യാസം ഉറപ്പിക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മാണം
* രണ്ടക്ക സംഖ്യകളുടെ തുക കാണുന്നതിനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ, പ്രശ്നം നിർധാരണം ചെയ്ത് ഉത്തരം കണ്ടെത്തൽ

* സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യമാക്കാൻ ഇടവേളകളിൽ ഗണിതകേളികൾ
* ഉല്ലാസഗണിതം Materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളികളിലൂടെ ഉറപ്പാക്കി വീണ്ടും ഓർമ്മിക്കൽ

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.
* പാഠഭാഗങ്ങൾ ആവർത്തിക്കൽ. സംശയങ്ങൾ നീക്കൽ
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നങ്ങളിലൂടെ ചെയ്യാൻ പ്രാപ്തരാക്കുക.

# Academic Master Plan - English

## class - II

## Aim

To speak, Read and write English without any mistakes.

## June

To develop listening skills and reading skills first.

Listening skills - Games, Action songs Hello English activities, Conversations, skit stories use ICT

Speaking skills - Descriptions, growing sentences, picture reading, picture description self introduction Assembly activities-speech, book review, quiz riddles, self introduction, school radio etc.

## July and August

Reading skills :- Make word web, picture description, word chain, sentence chain

make word and sentences, make riddles conversation. Add more lines, develop story description, notice proclamation diary letter announcement and magazine

Reading skills :- News paper reading library books reading, book review, find words. collect and read past tense, rhyming words, describing words, textbook activities.

September, October and November

To express thoughts feelings etc

Reading skills: Conversations, skit stories use ICT Materials, Reads breaking news, develop story, Read notice

Writing skills :- make word web, picture description with describing words. Add more lines

Activities :- Speech , book review , quiz riddles, self introduction , make description magazines etc

December and January

Develop the creative speaking and writing. To express thoughts feelings etc .

Reading skills :- Develop story , Reads diary, reads letters from friends

Writing skills :- Diary , Letter and Announce-ment.

Febrbruary and March

To improve the presentation power

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് III

## വിഷയം: മലയാളം

CLASS: III

**ആമുഖം:**

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ - മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്ന വിവിധ സാധ്യതകളുമായി പഠനങ്ങളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

**ലക്ഷ്യങ്ങൾ:**

* സംഘ പ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
* കവിതകളും പാട്ടുകളും അക്ഷരവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും.
* ആസ്വദിച്ച ഭാഷാരൂപങ്ങൾ [കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്] ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും. [കഥ, കവിത, ഡയറി] ചിത്രം]
* കഥകളേയും കവിതകളേയും മറ്റും നാടകം, പാവ നാടകം, ചിത്രീകരണം, ഡയലോഗ്സ് സ്കിറ്റ് തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. [വിവരണം, സംഭാഷണം]

പ്രവർത്തനക്രമം

1. കനകച്ചിലങ്ക
- നാടൻപാട്ടുകൾ ശേഖരണം [വിദ്യാർത്ഥികൾ ഉള്ളത്]
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാ ശേഖരണം - ക്ലാസ് ലൈബ്രറി നവീകരണം [നാട്ടു കഥകൾ]
- നാടൻ പാട്ടിലേക്കും കവിതയിലേക്കും താളം, കവിത ചൊല്ലൽ, ശില്പ ശാല.
- കഥോത്സവം [നാടൻ കഥകളുടെ അവതരണ ശില്പശാല]
- കടങ്കഥകൾ ശേഖരണം - കടങ്കഥ പതിപ്പ് → കടങ്കഥച്ചെപ്പ്
- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം. അഭിമുഖ സംഭാഷണം.
- കലാ രൂപങ്ങൾ വേഷവിധാനം — ചിത്ര ശേഖരണം, ആൽബം.
- പാവ നാടകങ്ങൾ അടുത്തറിയാം — ശില്പശാല.

2. പലഹാരപ്പെട്ടി
- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
- ക്ലാസ് ലൈബ്രറിയിൽ കളിപ്പാട്ടങ്ങൾ ഒരുക്കി വയ്ക്കൽ.
- നാടക ശില്പശാല.
- റോൾപ്ലേ അവതരണങ്ങൾ.
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ - ശേഖരണം.
- പലഹാര മേള - പലഹാരങ്ങൾ തയ്യാറാക്കൽ.

- കത്തുകൾ മാതൃകൾ
- ഹരിതകർമ്മ സേന അംഗങ്ങളുമായി അഭിമുഖം, സ്കൂൾ പത്രം.

3 മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷിച്ചൊല്ലുകൾ അവതരണം,
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ മറ്റ് അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല

CLASS: III

# Subject: English

## Aim:

To speak read and write English without any mistakes. June to March.
To check the vocabulary and writing Skills of pupils.

Activities:-

Pre test

To develop listening skills and reading skills.
listening skills.
games, action songs.

* Hello English activities.
* Conversations.
* Skit stories.
* use ICT

Speaking Skills.
Identify the naming words from the picture
Identify the action words from the picture.
make the simple sentence using the word about picture.
make simple description about the picture.
growing sentence, picture reading, Self introduction.

August and September

Develop the creative speaking and writing

Reading Skills.

1. Book reading
2. Find reading
3. Collect and read past tense
4. Rhyming words.

T.B. activities

Writing skills

Make word web

Picture description

Word chain.

Make words and sentences.

Make riddles, conversations.

Add more lines.

October and November

To express thoughts, feelings etc

Reading skills.

Library book reading

Conversations, skit, stories, use ICT

Read Notice

Develop story

Writing skills

Description

Thoughts.

December and January.

Develop the creative speaking and writing.

Reading skills.

Library books reading.

Conversations, Skit stories use ICT

Develop story

Reads dairy.

February and march.

To improve the presentation power.

Reading skills.

Library book reading.

Conversations, Skit stories.

Develop story.

Writing skills.

Dairy.

Descriptions.

Thoughts

Exibition

CLASS : III

വിഷയം : ഗണിതം

## ലക്ഷ്യങ്ങൾ

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്തുവാനും മൂന്നാം ക്ലാസിലെ ഗണിതം ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിതസന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭത്തിനനുസരിച്ച് സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലന ക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളെ cm, m എന്നിവ പരിചയപ്പെടുന്നതിന് അവസരമൊരുക്കുന്നു. യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണത്തിലൂടെ അവസരമൊരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങളുണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗണിത വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗണിത ചിന്തയോടൊപ്പം ഗണിത ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

രൂപങ്ങൾ വരയ്ക്കാം → ജൂൺ - ജൂലൈ

1. ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയൽ
2. ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് ആവരപ്പെടുത്തൽ.
3. തോരണം നിർമ്മാണം, തൊപ്പി നിർമ്മാണം.
4. രൂപങ്ങൾ ചേർത്ത് വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കുന്നതിന്.

ജൂലൈ - ആഗസ്റ്റ്

1. ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല
2. 1-100 വരെ എഴുതിയ ടോക്കൺ
3. കളി നോട്ടുകൾ
4. ഓരോ നോട്ടും 10 എണ്ണം വീതം
5. കമ്പ് കെട്ടുകൾ
6. അബാക്കസ് നിർമ്മാണം.

ആഗസ്റ്റ് - സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം

ഒക്ടോബർ :- സ്കെയിൽ നിർമ്മാണം, കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം

നവംബർ - ഡിസംബർ → ഗണിത വസ്തുത കാർഡ് നിർമ്മാണം.

CLASS: III

## വിഷയം: പരിസരപഠനം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിത്വ പ്രവർത്തനങ്ങളിൽ തന്നെയാണ് കൂടുതൽ ശ്രദ്ധയർപ്പിക്കേണ്ടത്. പരിസരപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ ഒരുക്കുന്ന പരീക്ഷണ - നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്. സഹജീവി സ്നേഹം, അനുകമ്പ, അലിവ്, ആർദ്രത, സഹിഷ്ണുത, ദയ എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കി മാറ്റുക.

ലക്ഷ്യം:

1. ശാസ്ത്രാവബോധം വളർത്തുക.
2. പ്രകൃതി വിഭവ സംരക്ഷണം.
3. ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം ജനിപ്പിക്കൽ
4. കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കി മാറ്റുക.

പ്രവർത്തനങ്ങൾ

* പ്രീടെസ്റ്റ്
* അവലോകനം
* പ്രകൃതി നടത്തം.
* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കൽ
* കുറിപ്പു തയ്യാറാക്കൽ
* വർഗീകരണം.
* ലഘു പരീക്ഷണങ്ങളിലേർപ്പെടൽ
* പൂന്തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മാണം
* പരിസ്ഥിതി സംരക്ഷണം - Poster.

2. ജൈവവൈവിധ്യ പാർക്ക്.

- ഔഷധത്തോട്ടം നിർമ്മാണം
- ജലസ്രോതസ്സുകൾ
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.

3. ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം.

ശാസ്ത്ര മാസിക നിർമ്മാണം

പരീക്ഷണം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

ലക്ഷ്യം : നാലാം ക്ലാസ്സിലെ വിദ്യാർ
ഥികൾക്ക് ഭാഷയിലും ഗണിതത്തിലും
പരിസരപഠനത്തിലും സമഗ്രവും
ആസ്വാദ്യകരവുമായ പഠനം ഉറപ്പാ
ക്കുക. ഓരോ കുട്ടികളുടെയും വ്യക്തിഗത
കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരി
പോഷിപ്പിക്കുക.

× കളികളിലൂടെയും പ്രവർത്തനങ്ങളി
ലൂടെയുമുള്ള പഠനം

× സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും
പ്രാധാന്യം.

× സാമൂഹികവും പാരിസ്ഥിതികവുമായ
അവബോധം വളർത്തൽ

× സാങ്കേതിക വിദ്യയുടെ ഫലപ്രദമായ
ഉപയോഗം.

× കുടുംബത്തിന്റെയും സമൂഹത്തിന്റെയും
പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനം | ലക്ഷ്യം. | സമയം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹാരങ്ങൾ.<br><br>ആവശ്യമായ പഠനസഹായികൾ ഒരുക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകി കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ. | SRG<br>Class Teacher | Tr. |
| വായിക്കാം വളരാം. | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | Teacher | |
| ക്ലാസ് വായന. ലൈബ്രറി. പുസ്തക പരിചയം. | ,, | | | |
| വായനാക്കുറിപ്പ്. | ,, | ,, | ,, | |
| എഴുതാം തെളിയാം. | എഴുത്ത് പരിപോഷിപ്പിക്കൽ | ,, | Tr. | |
| പാഠഭാഗങ്ങളിലൂടെയും പഠനപ്രവർത്തനങ്ങളിലൂടെയും നേടിയ ശേഷികൾ ഉറപ്പിക്കുന്നു. | ,, | ,, | ,, | |

| | | | |
|---|---|---|---|
| കണ്ടറിയാം കേട്ടറിയാം | അറിവ് ICT. | ആവശ്യാനുസരണം | Tr. |
| പാരമ്പര്യങ്ങളുമായി ബന്ധപ്പെട്ട വിവിധ രേഖകൾ എഴുത്തിലൂടെ പ്രകാശിപ്പിക്കൽ. | | | |
| രുചിച്ചറിയാം. | നമ്മുടെ പ്രാചീന ഭക്ഷണങ്ങളെ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | Tr CPTA. |
| ഭക്ഷണപാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. | " | " | " |
| ഓർക്കാം അഭിമാനിക്കാം. | സാഹിത്യകാരന്മാർ നേതാക്കൾ എന്നിവരുടെ ഓർമ്മദിനാചരണങ്ങൾ. | ആവശ്യത്തിന് | SRG. Tr |

| | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാർ നേതാക്കൾ എന്നിവരുടെ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ പുസ്തക പരിചയം ക്വിസ്. പതിപ്പ് പ്രസംഗം. | നേതാക്കന്മാരെ തിരിച്ചറിയാനും. അവർ തന്ന സംഭാവനകൾ മനസ്സിലാക്കാനും. | | Tr. | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | ശേഷികൾ നേടിയത് അവതരിപ്പിക്കുന്നു. | രക്ഷിതാക്കൾ | Tr PTA | |
| കലാക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ തിരിച്ചറിയാൻ. | | | |

| | | | |
|---|---|---|---|
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. കുട്ടി | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | HM SRG Tr |
| പിന്നിലാകുന്ന മേഖലകൾ (ഇംഗ്ലീഷ്). | | | |
| ഇംഗ്ലീഷ് സംസാരശേഷി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | | |
| ഇംഗ്ലീഷ് വഴി | ദൈനംദിന ഇംഗ്ലീഷ് സംഭാഷണങ്ങൾ | | |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ പ്രവർത്തനങ്ങളിലൂടെ അവതരിപ്പിക്കൽ. (Skit, Story telling | English പറയാനും എഴുതാനും | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് കാർഡുകൾ. | ചെറുചെറു പദങ്ങൾ | | | |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ. വായനാവേളകൾ വായനാക്കുറിപ്പ് | വായനാ പരിപോഷണം | | | |
| പഠനോപകരണങ്ങൾ വർദ്ധിപ്പിക്കൽ | സംഭാഷണ കേൾപ്പിക്കൽ കാർട്ടൂൺ പ്രദർശനം. | വർഷം മുഴുവൻ. | Tr. | Tr. |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും ആത്മവിശ്വാസം ഉണ്ടാക്കൽ | വർഷത്തിലൊരിക്കൽ | | |
| കളിക്കാം. ഗണിതപഠനം. | | | | |
| വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ. | ഗണിതപഠനം രസകരമാക്കൽ | വർഷം മുഴുവൻ | SRG. | |

| | | | | |
|---|---|---|---|---|
| ഗണിതലാബ് | ഗണിതപഠനം ലളിതമാക്കൽ | വർഷം മുഴുവൻ | | |
| ഗണിതച്ചുവർ | ഗണിതമൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | | |
| ഗണിതപഠനോപകരണശില്പശാല. | ഗണിതത്തിലൂടെ ഗണിതപഠനം രസകരമാക്കൽ | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും. | ഗണിതപഠനം എളുപ്പമാക്കൽ | | | |
| പ്രശ്നോത്തരി പസിൽ, പാട്ടുകൾ പഠനോപകരണങ്ങളുടെ പ്രദർശനം | ഗണിതകളികളിലൂടെ ഗണിതം രസകരമാക്കാം. | വർഷം മുഴുവൻ | SRG | |
| അറിയാം.. പ്രവൃത്തി നടത്താം. | അടുത്തറിയാം: നിരീക്ഷണം അറിവ് നിർമ്മാണം | | | |

| | | | |
|---|---|---|---|
| ശാസ്ത്ര ക്ലബ് | ശാസ്ത്രപഠനം ഉള്ളിൽ വേരൂന്നാൻ താൽപര്യമുള്ളവരാക്കൽ. | വർഷം മുഴുവൻ | SRG. |
| ശാസ്ത്രപഠനത്തിന് ആവശ്യമായ സാമഗ്രികൾ ശേഖരിക്കൽ. പരീക്ഷണം സംഘടിപ്പിക്കൽ | പഠനം എളുപ്പമാക്കാൻ. | | |
| ഭൂപടമൊരുക്കൽ. | ഭൂപടവായന. | വർഷത്തിലൊന്ന് | Tr |

# മലയാള മധുരം

ഒന്ന് രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധി കാലത്ത് വായനാതുടർച്ച ഉറപ്പു വരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞു കഥകൾ ആസ്വദിച്ച് വായിക്കാനും, തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി.

## പ്രവർത്തന ലക്ഷ്യങ്ങൾ

- ആശയവിനിമയത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം
- സർഗശേഷി വികസനത്തിന് സഹായം ഒരുക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സഹായം ഒരുക്കുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

# സംയുക്ത ഡയറി

× —— ×

രക്ഷിതാവിന്റെ സഹായത്തോടെ ഓരോ ദിന അനുഭവങ്ങളും ആശയം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ആദ്യഘട്ടത്തിൽ ചിത്രങ്ങളും അടിക്കുറിപ്പും ശേഷി വികാസം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയും. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിന് സംയുക്തഡയറി വളരെ സ്വാധീനം ചെലുത്തുന്നു. ഭാഷാവികാസം, കൈയെഴുത്ത് മെച്ചപ്പെടുന്നു, വാക്കിലെഴുതുന്ന തെറ്റുകളും ഒട്ടേറെ തിരുത്തപ്പെടുന്നു.

## പ്രതിഫലനം

× സംയുക്തഡയറി എന്ന ആശയം എത്രത്തോളം കുട്ടിയെ സ്വാധീനിച്ചിട്ടുണ്ട് എന്ന് മനസ്സിലാകുന്നു.

× മികച്ച ഡയറികൾ അവതരിപ്പിക്കുന്നു.

× രക്ഷിതാവിന്റെ പിന്തുണ ഉറപ്പുവരുത്തുന്നു.

× കുട്ടികൾക്ക് സ്വതന്ത്രമായി ഡയറി എഴുതാൻ സാധിക്കുന്നു

## സചിത്രപുസ്തകം

2023-24 വർഷത്തിൽ 2-ാം ക്ലാസിലെ രണ്ട് ഭാഗങ്ങളും സചിത്ര പാഠപുസ്തകത്തിലാക്കിയാണ് അവതരിപ്പിച്ചത്. ഇത്തരം പ്രവർത്തനങ്ങളിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. ഈ അധ്യയനവർഷത്തിൽ ഒന്ന് രണ്ട് ക്ലാസുകളിൽ സചിത്രപുസ്തകം പാഠമാക്കുന്നു.

### ലക്ഷ്യപ്രസ്താവനകൾ

- ഒന്ന് രണ്ട് ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കാനുള്ള ധാരണ നേടുന്നു.
- കുട്ടികൾ സ്വതന്ത്ര രചനക്കാരും വായനക്കാരുമായി മാറുന്നു.
- പ്രവർത്തനങ്ങളിൽ പരിസരപഠനം, ഭാഷ, കല-കായിക പ്രവൃത്തിപരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പുവരുത്തുന്നു.

### പ്രവർത്തനഘട്ടങ്ങൾ

- ഇതുവരെ അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ രക്ഷിതാക്കളുടെ അഭിപ്രായത്തിന് വെച്ചുകൊടുക്കുന്നു.
- വർക്ക്ഷോപ്പ് രൂപത്തിലാക്കി സചിത്രപുസ്തകങ്ങൾ നിർമ്മിക്കുന്നു.
- സചിത്രപുസ്തകം തയ്യാറാക്കിയ രക്ഷാകർതൃയോഗങ്ങൾ

# കലാകായിക പ്രവൃത്തി പരിചയം

## ലക്ഷ്യം

× കലാപരവും കായികപരവുമായ അഭിരുചികൾ കണ്ടെത്തി വികസിപ്പിക്കലും മേഖലകളിൽ പങ്കെടുപ്പിച്ച് വിജയം കൈവരിക്കലും

× നിർമ്മാണപരമായ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കൽ

## പ്രവർത്തനങ്ങൾ

× ചിത്രരചനാമത്സരം

നിശ്ചിത വിഷയവുമായി ബന്ധപ്പെട്ട് ചിത്രരചനാമത്സരങ്ങൾ നടത്തുന്നു. മികച്ച രചനകൾ കണ്ടെത്തുന്നു.

× പ്രദർശനം

കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നടത്തുന്നു. രക്ഷിതാക്കൾക്ക് കാണാൻ അവസരം നൽകുന്നു.

× ചിത്രരചനാക്യാമ്പ്

അതിഥി അധ്യാപകനെ ഉൾപ്പെടുത്തി ക്യാമ്പുകൾ നടത്തുന്നു.

× ബാലസഭ

ആഴ്ചയിലൊരിക്കൽ കുട്ടികളുടെ കലാപരിപാടികൾ ഉൾപ്പെടുത്തി ബാലസഭ നടത്തുന്നു.

× കലാമേള

സ്കൂൾ, ഉപജില്ലാ കലാമേളകളിൽ മത്സരിച്ച് വിജയം നേടാനുള്ള പ്രവർത്തനങ്ങൾ ഒരുക്കം.

× കായിക പരിശീലനം

കായികശേഷിയുള്ള കുട്ടികളെ കണ്ടെത്തി ഒഴിവു സമയങ്ങളിൽ പരിശീലനം നൽകുന്നു.

× കായികമേള

സ്കൂൾ കായികമേള സംഘടിപ്പിക്കുന്നു.

× പ്രവൃത്തി പരിചയമേള

ഒറിഗാമി, പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമ്മിക്കൽ, ചോക്ക് നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, ത്രെഡ് പാറ്റേൺ, വെജിറ്റബിൾ പ്രിന്റിംഗ്, ചിത്രങ്ങൾ ഇവയ്ക്കായി പ്രത്യേക പരിശീലനം നൽകുന്നു. ഉപജില്ലാ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള പ്രവർത്തനങ്ങൾ ഒരുക്കം.

× പഠനയാത്ര

പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനയാത്രകൾ നടത്തുന്നു.

# അനുബന്ധ സംവിധാനങ്ങൾ

x ———— x

## എസ്. ആർ. ജി

സ്കൂളിലെ പ്രവർത്തനങ്ങൾ (പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ) മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് എസ്. ആർ. ജി കൂടുന്നത്. സ്കൂൾ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, മികച്ച രീതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും എസ്. ആർ. ജി എല്ലാ ആഴ്ചയും ഒരു ദിവസം (തിങ്കൾ) കൂടുന്നു.

## പി. ടി. എ

എല്ലാ മാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. പി.ടി.എ / മദർ പി.ടി.എ യോഗങ്ങൾ ചേരുന്നു. ഉച്ചഭക്ഷണം, പാഠ്യേതര പ്രവർത്തനങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ചർച്ച ചെയ്യുന്നു. വർഷത്തിൽ 3-ൽ കൂടുതൽ തവണ ജനറൽ ബോഡി വിളിച്ചു ചേർക്കാറുണ്ട്.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിഷയങ്ങളുമായി ബന്ധപ്പെട്ടതും പൊതുവായതുമായ എല്ലാ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവപ്പെടുത്തുക. ഓരോ മാസം ഓരോ പരിപാടികൾ ക്ലബ്ബുകൾ ഏറ്റെടുത്ത് നടത്തുക. കുട്ടികളിൽ സജീവസാന്നിധ്യം ഉറപ്പിക്കൽ ലക്ഷ്യങ്ങൾ.

## ലൈബ്രറി

കുട്ടികൾക്ക് ഉചിതമായ ധാരാളം പുസ്തകങ്ങളോടുകൂടിയ ഒരു ലൈബ്രറി വിദ്യാലയത്തിലുണ്ട്. എല്ലാ ആഴ്ചയും പുസ്തക വിതരണം നടത്താറുണ്ട്. സ്കൂൾ ലൈബ്രറിക്ക് പുറമെ ക്ലാസ് ലൈബ്രറിയും ഉണ്ട്. കുട്ടികൾ പിറന്നാളിന് പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യാറുണ്ട്.

# ദിനാചരണങ്ങൾ

നമ്മുടെ സംസ്കാരത്തെയും പൈതൃകത്തെയും ചരിത്രത്തെയും നേട്ടങ്ങളെയും നഷ്ടങ്ങളെയും കുറിച്ചൊക്കെ നമ്മെ ഓർമ്മപ്പെടുത്തുന്നത് ദിനാചരണങ്ങളാണ്. പുതിയ തലമുറയ്ക്ക് അവയെല്ലാം മനസ്സിലാക്കിക്കൊടുക്കുവാനും ഒരു നല്ല സാമൂഹ്യസ്ഥിതി പരിപാലിക്കുന്നതിനും ദിനാചരണങ്ങൾ സഹായിക്കുന്നു.

| No | ദിനം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|---|
| 1. | | * ഗൃഹസന്ദർശനം<br>* മെഡിക്കൽ ക്യാമ്പ്<br>* Parent Motivation class<br>* പ്രവർത്തന കലണ്ടർ തയ്യാറാക്കൽ<br>* സ്കൂളും പരിസരവും ശുചീകരണം<br>* ചുമതലാ വിഭജനം<br>* എസ്. ആർ. ജി യോഗം, ക്ലാസ് ടൈംടേബിൾ തയ്യാറാക്കൽ<br>* എസ്. ആർ, ജി<br>* സ്കൂൾ അലങ്കരിക്കൽ | ഏപ്രിൽ<br>മെയ് | |

| No | ദിനം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 2 | June 2 പ്രവേശനോത്സവം | * നവാഗതരെ സ്വീകരിക്കൽ<br>* കുട്ടികളുടെ കലാപരിപാടികൾ<br>* പഠനകിറ്റ് വിതരണം<br>* മധുരപലഹാര വിതരണം<br>* ഉച്ചഭക്ഷണ പരിപാടി ഉദ്ഘാടനം | ജൂൺ | PTA, H.M ക്ലാസ് ടീച്ചർ SRG പഞ്ചായത്ത് |
| 3 | June. 5 പരിസ്ഥിതി ദിനം | * പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ കൈമാറൽ, വൃക്ഷത്തൈ നടീൽ<br>* പരിസ്ഥിതി ദിന ക്വിസ് പ്രസംഗം, ഗാനങ്ങൾ<br>* പൂന്തോട്ട നിർമ്മാണം | ജൂൺ | PTA HM ക്ലാസ് ടീച്ചർ പഞ്ചായത്ത് SRG |
| 4. | June: 12 ബാലവേല വിരുദ്ധ ദിനം | * കുട്ടികളുടെ അവകാശത്തെ കുറിച്ച് പ്രസംഗം<br>* വീഡിയോ പ്രദർശനം | ജൂൺ | H.M ക്ലാസ് ടീച്ചർ |
| 5 | June: 19 വായനാ ദിനം | * എന്റെ School ന് ഒരു പുസ്തകം, വായനാവാരം അക്ഷരവൃക്ഷം ഒരുക്കൽ ക്ലാസ് ലൈബ്രറി നവീകരണം<br>പ്രസംഗം, ക്വിസ് ഗാനങ്ങൾ | ജൂൺ | H.M ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| 6 | June: 20 Dr. Salim Ali ചരമ ദിനം | * ICT ഉപയോഗിച്ച് പക്ഷികളുടെ വൈവിധ്യം മനസ്സിലാക്കുന്നു<br>* പക്ഷികളുടെ കുറിച്ച് ആൽബം തയ്യാറാക്കുക | ജൂൺ | |
| 7 | June: 26 ലോകമയക്കുമരുന്ന് വിരുദ്ധ ദിനം | * രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവത്കരണ ക്ലാസ്<br>* സ്ലൈഡ് ഷോ, ചിത്രപ്രദർശനം | ജൂൺ | |
| 8 | ബഷീർ ചരമ ദിനം | * ക്വിസ് മത്സരം നടത്തുന്നു<br>* ICT ഉപയോഗിച്ച് ബഷീറിന്റെ ജീവിതകഥ കാണിക്കുന്നു | | |
| 9 | July: 11 ലോക ജനസംഖ്യ ദിനം | * ക്വിസ്<br>* പ്രസംഗം | ജൂലൈ | |
| 10 | July: 21 ചാന്ദ്രദിനം | * ക്വിസ്, പ്രസംഗം,<br>* Still Model making<br>* ICT പ്രദർശനം | ജൂലൈ | |
| 11 | August 7-9 | * പോസ്റ്റർ നിർമ്മാണം<br>* ചിത്രപ്രദർശനം<br>* യുദ്ധവിരുദ്ധ പ്രതിജ്ഞ<br>* സുഡോക്കു നിർമ്മാണം. | ആഗസ്റ്റ് | |
| 12 | August 15 സ്വാതന്ത്ര്യ ദിനാഘോഷം | * പതാക ഉയർത്തൽ<br>* റാലി<br>* പൊതുസമ്മേളനം<br>* വിവിധ മത്സരങ്ങൾ<br>* നേതാക്കളുടെ വേഷത്തിലെത്തുന്ന കുട്ടികൾ<br>* മധുര വിതരണം | ആഗസ്റ്റ് | H.M<br>PTA<br>പഞ്ചായത്ത്<br>SRG<br>ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| 13 | ഓണാഘോഷം | * ക്വിസ് മത്സരം<br>* കാർഷിക സ്ഥാപനങ്ങൾ കൃഷി ചൊല്ലുകൾ അറിയൽ<br>* കർഷകരെ ആദരിക്കൽ<br>* ജൈവകൃഷി പ്രോത്സാഹിപ്പിച്ചു വിത്ത് വിതരണം | ആഗസ്റ്റ് | H M<br>PTA<br>പഞ്ചായത്ത്<br>ക്ലാസ് ടീച്ചർ |
| 14 | ഓണാഘോഷം | * അത്തപ്പൂക്കള മത്സരം<br>* ഓണക്കളികൾ<br>* ഓണപ്പാട്ട്, തിരുവാതിര<br>* മാവേലിയെ വരവേൽക്കൽ<br>* ഓണസദ്യ | സെപ്റ്റംബർ | H M<br>PTA<br>ക്ലാസ് ടീച്ചർ |
| 15 | Sept: 5 ദേശീയ അധ്യാപക ദിനാചരണം | * ക്വിസ് മത്സരം<br>* പൂർവ്വ അധ്യാപകരെ ആദരിക്കൽ<br>* പൂർവ്വ വിദ്യാർത്ഥി സംഗമം | സെപ്റ്റംബർ | H M<br>SRG<br>PTA |
| 16. | October: 1 ദേശീയ രക്തദാന ദിനം | * 'രക്തദാനം മഹാദാനം' ക്ലാസ് സംഘടിപ്പിക്കൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും | October | H M<br>SRG<br>PTA |
| 17 | ഒക്ടോബർ 2 ഗാന്ധി ജയന്തി | * ക്വിസ് മത്സരം<br>* പ്രസംഗം<br>* Audio Message<br>* School തല മത്സരങ്ങൾ | ഒക്ടോബർ | H M<br>ക്ലാസ് ടീച്ചർ |
| 18 | ലോക തപാൽ ദിനം | * പോസ്റ്റോഫീസ് സന്ദർശനം<br>* കത്തുകൾ, Postal card, Inland, Stamp പരിചയപ്പെടൽ<br>* കത്തെഴുത്ത് | ഒക്ടോബർ | H M<br>ക്ലാസ് ടീച്ചർ<br>SRG |

| | | | | |
|---|---|---|---|---|
| 19 | Oct:16 ലോക ഭക്ഷ്യദിനം | * ക്വിസ് മത്സരം<br>* പ്രസംഗം<br>* ICT പ്രദർശനം | ഒക്ടോ-ബർ | ക്ലാസ് ടീച്ചർ |
| 18 | Oct:3 ലോക പ്രകൃതി ദിനം ആവാസദിനം | * പ്രകൃതി നടത്തം<br>* പ്രകൃതി നിരീക്ഷണം<br>* കുറിപ്പ് തയ്യാറാക്കൽ<br>* ICT പ്രദർശനം | ഒക്ടോ-ബർ | ക്ലാസ് ടീച്ചർ |
| 19. | Oct:24 ഐക്യ രാഷ്ട്രദിനം | * ക്വിസ്<br>* പ്രസംഗം<br>* ICT പ്രദർശനം | ഒക്ടോ-ബർ | ക്ലാസ് ടീച്ചർ |
| 20 | Nov:1 കേരളപ്പിറവി ദിനം | * ക്ലാസ്, School തല മത്സരങ്ങൾ<br>* കുട്ടികളുടെ കലാപരിപാടികൾ<br>* മലയാളി മങ്കൻ, മങ്ക മത്സരം | November | H.M ക്ലാസ് ടീച്ചർ |
| 21 | Nov: 5 വനദിനം | * ക്വിസ്<br>* പ്രസംഗം<br>* ICT | November | ക്ലാസ് ടീച്ചർ |
| 22 | Nov:11 ദേശീയ വിദ്യാഭ്യാസദിനം | * ക്വിസ്<br>* പ്രസംഗം | November | ക്ലാസ് ടീച്ചർ |
| 23 | Nov: 14 ശിശുദിനം | * സമ്മേളനം * റാലി<br>* മത്സരങ്ങൾ<br>* മധുര വിതരണം<br>* സമീപ അങ്കണവാടികൾ സന്ദർശനം | November | H.M PTA SRG ക്ലാസ് ടീച്ചർ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 24 | നവംബർ:26 പരിസ്ഥിതി സംരക്ഷണ ദിനം | * ക്വിസ് മത്സരം<br>* ICT പ്രദർശനം | നവംബർ | ക്ലാസ് ടീച്ചർ |
| 25 | December:1 ലോക Aids ദിനം | * അവബോധ ക്ലാസ് | ഡിസംബർ | ക്ലാസ് ടീച്ചർ |
| 26 | December:2 കമ്പ്യൂട്ടർ സാക്ഷരതാ ദിനം | * ICT പ്രദർശനം<br>* ചിത്ര പ്രദർശനം<br>* കുട്ടികൾ | ഡിസംബർ | ക്ലാസ് ടീച്ചർ |
| 27 | Dec:3 വികലാംഗ ദിനം | * ICT പ്രദർശനം | ഡിസംബർ | ക്ലാസ് ടീച്ചർ |
| 28 | Dec:10 മനുഷ്യാവകാശ ദിനം | * ക്വിസ് മത്സരം<br>* ICT പ്രദർശനം | ഡിസംബർ | ക്ലാസ് ടീച്ചർ |
| 29 | Dec:25 ക്രിസ്മസ് | * School അലങ്കരിക്കൽ<br>* സമ്മേളനം<br>* മത്സരങ്ങൾ<br>* സമ്മാനദാനം<br>* മധുര വിതരണം | ഡിസംബർ | H.M<br>SRG<br>PTA<br>ക്ലാസ് ടീച്ചർ |
| 30 | Jan:26 റിപ്പബ്ലിക് ദിനം | * പതാക ഉയർത്തൽ<br>* മത്സരങ്ങൾ<br>* സമ്മേളനം<br>* മധുര വിതരണം | ജനുവരി | H.M<br>PTA<br>SRG<br>പഞ്ചായത്ത് |
| 31 | Jan:30 രക്തസാക്ഷി ദിനം | * ക്വിസ് മത്സരം<br>* ICT പ്രദർശനം | ജനുവരി | H.M<br>ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| 32 | Feb 4<br>അർബുദ ദിനം | * പ്രസംഗം<br>* ബോധവൽക്കരണ ക്ലാസ്<br>* ICT പ്രദർശനം | Feb | H.M<br>ക്ലാസ് ടീച്ചർ |
| 34 | വാർഷികം | | | |
| 35 | മാതൃഭാഷാ ദിനം | * പ്രസംഗം<br>* വ്യക്തിഗത രചന<br>* പുസ്തക വായന | Feb | ക്ലാസ് ടീച്ചർ<br>H.M |
| 36 | Feb 28<br>ശാസ്ത്ര ദിനം | * ക്വിസ്<br>* ICT | Feb | ക്ലാസ് ടീച്ചർ |
| 37 | March<br>പഠനോത്സവം | * പാഠ്യപാഠ്യേതര വിഷയങ്ങളുടെ, group വ്യക്തിഗത അവതരണങ്ങൾ പ്രദർശനങ്ങൾ | March | H.M<br>PTA<br>SRG<br>ക്ലാസ് ടീച്ചർ |

# ഉപസംഹാരം

വിദ്യാലയ മികവ് എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് അക്കാദമിക മികവ് തന്നെയാണ്. കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങളോടൊപ്പം സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് പഠന നിലവാരം മെച്ചപ്പെടുത്തി പൊതുവിദ്യാഭ്യാസ സംവിധാനത്തിലേക്ക് ആകർഷിക്കുന്നതിനും നല്പ്പൂടി എൽ.പി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനും സാധിക്കുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ മാർഗ്ഗരേഖ സമർപ്പിക്കുന്നു.